## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2430      08/12/2015-ൽ മറുപടിക്ക്

## ആദിവാസി സമൂഹം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ :<br>,, ബി. സത്യൻ :<br>,, ആർ. രാജേഷ് :<br>,, എസ്. രാജേന്ദ്രൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സമരങ്ങളെ തുടർന്ന് ആദിവാസികൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാനായിട്ടുണ്ടോ ; | (എ) | ഉണ്ട്. വിവിധ കാലഘട്ടങ്ങളിൽ പട്ടികവർഗ്ഗക്കാർ നടത്തിയ സമരങ്ങളെ തുടർന്ന് സർക്കാർ തലത്തിൽ ഉണ്ടായിട്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കിവരുന്നു. |
| (ബി) | സമരഘട്ടങ്ങളിൽ ഉറപ്പ് നൽകുകയും പിന്നീട് അത് പാലിക്കാതെ ആദിവാസികളെ വഞ്ചിക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ ; | (ബി) | ഇക്കാര്യത്തിൽ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | നിയമപ്രകാരം നൽകേണ്ട അവകാശങ്ങൾ പോലും ലഭ്യമാകാതെ ആദിവാസി സമൂഹം കടുത്ത പ്രതിസന്ധിയിലായിരിക്കുയാണെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിലയിരുത്തിയിട്ടുണ്ടോ ? | (സി) | നിയമപ്രകാരം നൽകുവാനുള്ള അവകാശങ്ങൾ പരമാവധി പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ പരാതികൾ ഉണ്ടാകുന്നപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ